# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2302   10/10/2011 ൽ മറുപടിയ്ക്ക്

## സുൽത്താൻബത്തേരി നൂൽപ്പുഴ രാജീവ്ഗാന്ധി റസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തനം

ചോദ്യം   മറുപടി

ശ്രീ. ഐ.സി. ബാലകൃഷ്ണൻ

കുമാരി. പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സുൽത്താൻബത്തേരി താലൂക്കിലെ നൂൽപ്പുഴ രാജീവ്ഗാന്ധി റസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | നൂൽപ്പുഴ രാജീവ്ഗാന്ധി റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം പൊതുമരാമത്തു വകുപ്പ് മുഖേന എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഹോസ്റ്റൽ കെട്ടിടത്തിനു മുകളിൽ വിദ്യാർത്ഥികളുടെ തുണി അലക്കി ഉണക്കുന്നതിനു 12.50 ലക്ഷം രൂപ ചിലവിൽ ഷെഡ്ഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഹോസ്റ്റൽ കെട്ടിടത്തിന്റെ വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ടി സ്കൂളിലെ അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ സ്കൂളിലെ വിദ്യാർത്ഥികൾക്ക് ശരിയായ രീതിയിൽ ഭക്ഷണം ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. നിശ്ചിത മെനു അനുസരിച്ച് ഭക്ഷണം തയ്യാറാക്കി നൽകുന്നുണ്ട്. ഇക്കാര്യത്തിൽ പരാതിയുണ്ടായിട്ടില്ല. |
| (സി) | കുട്ടികളുടെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സ്കൂളിലെ ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കി കുട്ടികളുടെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതാണ്. ടി ഹോസ്റ്റൽ നിർമ്മാണ പ്രവർത്തനം എത്രയും വേഗം പൂർത്തിയാക്കുന്നതിന് പൊതുമരാമത്തു വകുപ്പ് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സ്കൂളിൽ ഹോസ്റ്റൽ വാർഡനും, മറ്റ് സ്റ്റാഫും ഇല്ലാത്തതിന് അടിയന്തിര പരിഹാരം കാണുമോ ? | (ഡി) | നൂൽപ്പുഴ രാജീവ്ഗാന്ധി ആശ്രമം സ്കൂളിലെ ഹോസ്റ്റലിൽ മാനേജർ കം റസിഡന്റ് ട്യൂട്ടർ, മാനേജർ എന്നീ തസ്തികകൾ അടക്കം അനുവദിച്ചിട്ടുള്ള എല്ലാ തസ്തികകളിലും ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിച്ച് സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനം ഉറപ്പു വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ